CHRISTIAN MUSICOLOGICAL SOCIETY OF INDIA



# ദൈവമാതാവിന്റെ
# അമലോത്ഭവപ്രസ്താവന സ്വൎണ്ണ
# ജൂബിലിസ്മാരകം.

www.TheCMSIndia.org

ഈ. മ. യൌ.

# ദൈവമാതാവിന്റെ
# അമലോത്ഭവ പ്രസ്താവന
# സ്വര്‍ണ്ണജൂബിലിസ്മാരകം.

ക. ദി. മൂ. സ.

ബ. മര്‍സ്ലീനോസച്ചന്‍

മുതലായ വൈദികരാല്‍

ചമയ്ക്കപ്പെട്ടതു്.

മാന്നാനം

വി. യൌസേപ്പപിതാവിന്‍

ആശ്രമ അച്ചുക്കൂട്ടത്തില്‍

അച്ചടിക്കപ്പെട്ടതു്.

൧൯൦൪.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

ദൈവമാതാവിന്റെ അമലോത്ഭവ പ്ര
സ്താവന സുവൎണ്ണജൂബിലിസ്മാരകം എന്ന പു
സ്തകം പരിശോധിച്ചതിൽ വിശ്വാസത്തി
ന്നും സന്മാൎഗ്ഗത്തിന്നും വിരോധമായി ഒന്നും
കണ്ടില്ല.

ക. ദി. മൂ. സ. പ്രിയോർ ജനറാൾ.

[illegible]

Imprimatur,

† Mathew Makil
Bishop and Vicar Ap. of
Changanacherry.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

# അവതാരിക.

"ഇതു മുതൽ എല്ലാ സന്തതികളും എന്നെ ഭാഗ്യവതി എന്നു പറയും" (ലൂക്കാ ൧, ൪൮) എന്നു ദൈവജനനി വിശുദ്ധ എലീശ്വായോടു ദീർഘദർശനമായി അരുളിച്ചെയ്തു തിരുവാക്യം, അതുമുതൽ എല്ലാക്കാലങ്ങളിലും എല്ലാ ജാതി ജനങ്ങളിലും നിസ്സംശയം നിറവേറിയെങ്കിലും അങ്ങേ അമലോത്ഭവ പ്രസ്താവനസ്വർണ്ണജൂബിലി സർവ്വത്ര കേമമായി ഘോഷിക്കപ്പെടുന്ന ഈ അവസരത്തിൽ, അതു് ഏററം പൂർണ്ണമായി നിറവേറിയിരിക്കുന്നു എന്നു തോന്നുന്നു.

ലോകമൊട്ടുക്കു ചിതറിക്കിടക്കുന്ന കത്തോലിക്കവിശ്വാസികൾ ഏവരും ഈ പരമരാജ്ഞിയുടെ അമലോത്ഭവ മഹിമയെ ഭക്തിപുരസ്സരം ആഘോഷിക്കുന്നതിലേക്കു യഥാശക്തി ഉദ്യമിച്ചു, അന്യോന്യ മാത്സര്യം ചെയ്തുവരുന്നു. ഈ നിർമ്മലകന്യകയുടെ അമലോത്ഭവ മഹത്വത്തെ യഥോചിതം കീർത്തിച്ചു പ്രബലീകരിക്കുന്നതിനു ഈ മഹോത്സവാവസരത്തിൽ പുറപ്പെട്ടിരിക്കുന്ന കത്തോലിക്ക പത്രങ്ങൾ, മാസികകൾ, ലേഖനങ്ങ

www.TheCMSIndia.org

ൾ, പ്രബന്ധങ്ങൾ ആദിയായവ ഇത്രയെ
ന്നു പറയുവാൻ എത്രയും പ്രയാസമാണു്.
ഈ ദിവ്യ മാതാവിന്റെ അനന്യസാധാര
ണമായ അമലോത്ഭവത്തിന്റെ നിത്യസ്മാര
കങ്ങളായി ഈ ശുഭാവസരത്തിൽ പണിയ
പ്പെട്ടിരിക്കുന്നതും, പണിയപ്പെട്ടുവരുന്നതുമാ
യ ദേവാലയങ്ങൾ, ജപക്കൂടങ്ങൾ, ധർമ്മശാ
ലകൾ, ആതുരശാലകൾ, വിദ്യാലയങ്ങൾ,
വായനശാലകൾ ഇത്യാദി ആത്മശരീരസം
ബന്ധമായ സ്ഥാപനങ്ങളും ഏർപ്പാടുകളും
അനവധിയായിരിക്കുന്നു. ഇപ്രകാരമായി
രിക്കെ, ദേവമാതാവിൻഭക്തിയിൽ ഒട്ടും അ
പ്രധാന്യരല്ലാത്ത നമ്മുടെ കേരളീയകത്തോ
ലിക്കരും തങ്ങളുടെ ഈ പ്രേമമാതാവിനോ
ടുള്ള നിഷ്കപട ഭക്തിയേയും ഹൃദയംഗമമാ
യ സ്നേഹത്തേയും ഈ 'ജൂബിലി' ആഘോ
ഷത്തിൽ പ്രത്യക്ഷീകരിക്കുന്നതിന്നു കഴിയു
ന്ന ശ്രമങ്ങളൊക്കെയും ചെയ്തുവരുന്നതു കാണു
ന്നതിൽ അത്യന്തം സന്തോഷിക്കുന്നതിന്നും
പുറമെ, ഈ വിശുദ്ധാഘോഷത്തിന്റെ നി
ത്യജ്ഞാപകത്തിന്നായി പൊതുവിൽ, വല്ല
സ്മാരകസ്തംഭങ്ങളെയും സ്ഥാപിക്കാതിരിക്ക
യില്ലെന്നു പൂർണ്ണമായി വിശ്വസിക്കയും ചെ
യ്യുന്നു.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

മനോഹരവും ആയി തീൎക്കാൻ കഴിയുമൊ, അത്രയും ധാരാളമായ ചിലവു ചെയ്യുന്നതിനു മടിക്കയില്ല. ഇപ്രകാരംതന്നെ രാജാധിരാജാവായ ൟശൊമിശിഹാ, തന്റെ മാതാവിനെ സൃഷ്ടിച്ചപ്പോൾ, ൟ പരമകന്യകയെ ദൈവിക വരങ്ങളാൽ അലംകൃതയായും ഇഷ്ടപ്രസാദ ദാനങ്ങളാൽ പരിപൂൎണ്ണയായും ദൈവിക മഹിമക്കു യോഗ്യമാതാവായുമിരിപ്പാൻ തക്കവണ്ണമത്രെ സൃഷ്ടിച്ചത്. തന്നിമിത്തം ൟ പരിശുദ്ധ മാതാവ് ഉത്ഭവിച്ച ആദ്യ ക്ഷണത്തിൽതന്നെ ജന്മപാപംകൂടാതെ സകല വരങ്ങളാൽ പൂരിപ്പിച്ച് ഔന്നത്യ ഭാഗ്യ സംപൂൎണ്ണയാക്കുകയും, സമസ്ത സൃഷ്ടികളുടെയും രാജ്ഞിയും നാഥയുമായി തന്നെ ഉയൎത്തുകയും ചെയ്തു.

ഇത്ര മഹോന്നതയായ ദൈവമാതാവിന്റെ വൈശിഷ്ട്യ മഹത്വങ്ങളെ സവ്യക്തം കാണിക്കുന്നതിനായി വിശുദ്ധ വേദാഗമം, ആകാശമണ്ഡലത്തെ പ്രകാശിപ്പിക്കുന്ന സൂൎയ്യനക്ഷത്രാദികളെ ദൈവജനനിയുടെ അലങ്കാരാഭരണമായി വൎണ്ണിക്കുന്നു. ചന്ദ്രൻ അവിടുത്തെ പാദരക്ഷയായും, സൂൎയ്യൻ അങ്ങെ ആവൃതം ചെയ്യുന്ന വസ്ത്രാലങ്കാരമായും,

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

വുന്ന അ. മാ. നമ്മുടെയും മാതാവു്.

താരകങ്ങൾ തന്റെ തലയെ അലങ്കരിക്കുന്ന ഒരു കിരീടമായും വൎണ്ണിക്കപ്പെടുന്നു.

ഇപ്രകാരം വിസ്മയജനകയായ തന്റെ മാതാവു്, നാം എല്ലാവരുടെയും മാതാവാകുന്നതിനുവേണ്ടി, ദൈവസുതൻ ഇഹത്തെ വിട്ടുപിരിയുന്നതിനു അല്പം മുമ്പു തന്റെ പ്രിയ ശിഷ്യനായ യോഹന്നാനോടു "ഇതാ നിന്റെ അമ്മ" (യോഹ. ൧൯. ൨൭) എന്നു അരുളിച്ചെയ്കയും തന്മൂലം ഈ പരിശുദ്ധ മാതാവിനെ സകലരുടെയും അമ്മയായി നിയോഗിക്കയും ചെയ്തു. ആകയാൽ അമലോത്ഭവമാതാവു്, നമ്മുടെയും മാതാവു്. ഇതിനെക്കാൾ വലിയ ഭാഗ്യം ഏതു്? ഇതിനേക്കാൾ ഉന്നതമായ സ്തുതി ഏതു്?

ഇനി ഈ ഔന്നത്യമാതാവിന്റെ നേരെ നമുക്കുള്ള കടങ്ങളെ യഥോചിതം നിറവേറ്റുന്നതിനുള്ള വിധം രണ്ടാംഭാഗത്തിൽ വിവരിക്കപ്പെടുന്നു.

ഒന്നാംഭാഗം സമാപ്തം.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS